LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മധുരവേലി ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനുള്ള ഡി.പി.ആർ. അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല. കെട്ടിടത്തിനാവശ്യമായ മെയിന്റനൻസ് & റിനവേഷൻ പ്രവൃത്തികൾക്കുള്ള വിശദമായ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചിരുന്നു. അതേ സമയം തന്നെ ടി ഐ.ടി.ഐ. കെട്ടിട അറ്റകുറ്റപ്പണി ചെയ്യുന്നതിനായി കോട്ടയം പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മറ്റൊരു എസ്റ്റിമേറ്റ് സമർപ്പിച്ചു ഒരേ ആവശ്യത്തിന് രണ്ട് രീതിയിൽ എസ്റ്റിമേറ്റ് ലഭ്യമായ സാഹചര്യത്തിൽ, ഇക്കാര്യത്തിൽ വ്യക്തത വരുത്തി ഡി.പി.ആർ.ന് അനുമതി ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ചെലവഴിച്ച തുക

352 (1042) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകയും, ചെലവഴിച്ച തുകയും എത്ര വീതമെന്ന് അറിയിക്കുമോ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാന ബജറ്റ് വിഹിതമായി വകയിരുത്തിയ തുകയും, കേന്ദ്രസർക്കാർ വിഹിതമായി വകയിരുത്തപ്പെട്ട തുകയും എത്ര വീതമായിരുന്നെന്നും അതിൽ എത്ര തുക ലാപ്സായിപ്പോയെന്നും അറിയിക്കുമോ?

ഉത്തരം

(എ) 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകയും ചെലവഴിച്ച തുകയും അനുബന്ധം 1-ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു*.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാന ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയ തുകയും കേന്ദ്രസർക്കാർ വിഹിതമായി വകയിരുത്തപ്പെട്ട തുകയും അനുബന്ധം 2-ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.